# വൈഖരി

**ദാറുൽ ഉലൂം ഹയർ സെക്കണ്ടറി സ്കൂൾ പാണക്കാട്**

**ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ** 2018-19



# ദാറുൽ ഉലൂം ഹയർ സെക്കണ്ടറി സ്കൂൾ പാണക്കാട്

***ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിന്ന ഒരുസമൂഹത്തെ വിദ്യയുടെ വിളക്കുപാകിയും പ്രചോദിപ്പിച്ചും വഴിനടത്തിയ മഹാമനീഷി കളുടെ ദീർഘ വീക്ഷണം .***





# MANAGING BOARD



SAYED HYDER ALI SHIHAB THANGAL



SAYED RASHEED ALI SHIHAB THANGAL

HEADMISTRESS



SUDHA R

LITTLE KITES നെ ഇവർ നയിക്കുന്നു



NAJEEBUDHEEN A

(Little Kite Master)



SEEBHA KP

(Little Kite Mistress)

# താളുകൾ

*അവർ ....................5*

*ഉമ്മാനെ അനുസരിക്കണം ....................6*

*Blind man. ....................7*

*Friend for Ever....................9*

*Heart Beats....................10*

*Life Line....................11*

*കഥയില്ലാത്തവൻ ....................12*

*മരണമാഷിക്കുന്നവർ.................... .13*

*പത്ത് .................... .14*

*വല്യപ്പ ഉറങ്ങുകയാണ് ....................15*

*ജനിക്കാതെ പോയ ഒരു പെൺകുഞ്ഞിന്റെ ഡയറി കുറിപ്പ് ....................16*

*ഗുരുദക്ഷിണ....................18*

*ഉണങ്ങാത്ത മുറിവുകൾ....................23*

*പെൻഷൻ ....................24*

*വസന്തം....................25*

*അഭിമുഖം ....................26*

*ഉൾച്ചേർക്കൽ വിദ്യാഭ്യാസം നാടിന്റെ നന്മക്ക് ....................29*

*VISIBLE GODS....................32*

*വിദ്യാഭ്യാസപര്യന്തം മൗനം കുറ്റകരമാണ് ....................34*

*എന്റെ അവധിക്കാലം ....................39*

*Nature....................41*

*THE BANYAN TREE....................42*

*TRAVEL OF MEMORY.................... ..43*

*ചില കാരുണ്യ മനസ്സുകൾ....................45*

*ഗൗരി.................... .48*

*Be The Change you wish To see in the World....................49*

*Old sulthan....................51*

***Anti Drugs Awareness Programme....................................................................... ...54***
***ശിശുദിന ഓർമ്മ ............................................................................................ .55***
***ലഹരി വിഷമാണ് സത്യം ......................................................................................57***
***ദുഃഖവും സന്തോഷവും.........................................................................................59***
***ചിന്തകൾ ..................................................................................................... .60***
***എന്താണ് ജീവിതം............................................................................................ .61***
***ഞാൻ എന്നെക്കുറിച്ച്....................................................................................... 63***
***ഓർമയിൽ മുത്തായി തുഷാർ ................................................................................ 65***
***നിഴൽ,ജീവിതം ഒരുജീവിതം .............................................................................. .66***
***" യ" എന്ന അക്ഷരത്തിലെ പ്രണയ ശില്പം.....................................................................67***
***കാല്പാടുകൾ ........................................................................................................ 69***

# അവർ

കൊഴിഞ്ഞുപോയ കുട്ടി കാലത്തിൻറെ തളിരിലകൾ മെല്ലെ തലോടുമ്പോൾ അറിയാതെ കണ്ണുനനഞ്ഞു പോകുന്നു. എത്ര എത്ര അനുഭവങ്ങൾ കുട്ടിക്കാലം കൂടുതൽ ബന്ധപ്പെട്ടുകിടക്കുന്നത് ഉമ്മയുടെ വീടും ആയിട്ടാണ്. പട്ടണത്തിൻറെ തിരക്കൊഴിഞ്ഞാൽ വലതുവശത്തേക്ക് ചെറിയ ഒരു ചെമ്മൺപാത കാണാം. വളഞ്ഞുപുളഞ്ഞ ചെമ്മൺപാത അവസാനിപ്പിക്കുന്നത് കുത്തനെയുള്ള ഇട വഴിയിലേക്കാണ് അതുകഴിഞ്ഞ് ഇടതുവശത്ത് പുഴ ഉയർന്നുനിൽക്കുന്ന വീടിൻറെ കവാടത്തിലൂടെ പടവുകൾ ഇറങ്ങുമ്പോൾ ഗ്രാമീണതയുടെ വൈകാരിക സ്പർശനം ആസ്വദിക്കുന്നതാണ് ഉയർന്നുനിൽക്കുന്ന ബുഷ് ചെടിയും കല്യാണസൗഗന്ധികത്തിലെ മാസ്മരിക ഗന്ധവും മനസ്സിൽ ഇപ്പോഴും തങ്ങി നിൽക്കുന്നു.



വല്യുമ്മ യായിരുന്നു എൻറെ കുട്ടിക്കാലത്തിന് ഊഷ്മളതയെ റിയ ഞങ്ങൾ നൽകിയത് എൻറെ അത്യാഗ്രഹങ്ങൾ പലപ്പോഴും നിർവഹിച്ച തന്നിരുന്നത് അവരായിരുന്നു മറ്റുള്ളവരേക്കാൾ കൂടുതൽ എൻറെ കണ്ണീരിന് അവർ വില കൽപ്പിച്ചിരുന്നു അവരുടെ മരണശേഷം അറിയാതെ കവിളിലൂടെ ഒലിച്ചിറങ്ങിയ ചുടുകണ്ണീർ ഇപ്പോഴും ഉണങ്ങാതെ എൻറെ മുഖത്തെ രോമകൂപങ്ങൾ ക്കിടയിൽ ഒളിഞ്ഞിരിപ്പുണ്ട് . എനിക്ക് രണ്ടോമൂന്നോ വയസ്സുള്ളപ്പോൾ പലപ്പോഴും ഉമ്മ തിരക്കിലായിരിക്കും പോൾ വല്യുമ്മ യായിരുന്നു എന്നെ പരിചരിച്ചിരുന്നത് ഒരിക്കൽ ഞാൻ മുട്ടുകുത്തി കൊലയുടെ ഉള്ള വട്ടത്തിലുള്ള ചവിട്ടുപടികൾ ഇറങ്ങി തിരിഞ്ഞത് ഉമ്മ കണ്ടില്ല ഇതു കണ്ടുകൊണ്ട് വടക്കേ അറയിൽ നിന്നും വല്യുമ്മ ഓടിയെത്തി പടവുകളിൽ നിന്ന് ഞാൻ ഞാൻ വീഴാതിരിക്കാൻ ഓടിയെത്തി വിറ കൈകളോടെ എൻറെ ചുമലിൽ തട്ടിയപ്പോൾ അറിയാതെ അവർ നിലത്തുവീണു

ജ്യേഷ്ഠത്തി അറിയാതെ കോലായിലേക്ക് വന്നപ്പോൾ മുറ്റത്തെ ചുവന്ന വീണു കിടക്കുന്ന എഴുന്നേൽക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന വലിയുമ്മ , അവൾ സർവ്വതും മറന്ന് അവരെ എഴുന്നേൽപ്പിച്ചു . സ്വന്തം ജീവനേക്കാൾ വലുത് ഉമ്മയുടെയും ഞങ്ങളുടെയും ജീവനായിരുന്നു. അവർ മരിച്ചു രണ്ടുവർഷം ആയിരിക്കെ ഏതോ അവസരത്തിൽ അവരെപ്പറ്റി ജേഷ്ഠത്തി പറഞ്ഞപ്പോഴാണ് എനിക്ക് ജീവിതത്തിലെ സർവ്വതും നഷ്ടപ്പെട്ടു എന്നു തോന്നിയത് കണ്ണുകൾ അറിയാതെ നനഞ്ഞപ്പോൾ വൃദ്ധരുടെ മനസ്സിൻറെ നിഷ്കളങ്ക മാധുര്യം ഞാൻ മനസ്സിലാക്കി. ജീവിതത്തിലെ അപൂർവ്വമായ ആ നിമിഷങ്ങൾ എങ്ങനെ ഞാൻ മറക്കും ഞാൻ എത്ര നല്ലം . എന്ന ചോദ്യങ്ങൾ മനസ്സിൽ ഉത്തരം കണ്ടെത്താൻ കഴിയാതെ ഇന്നും ബാക്കിനിൽക്കുന്നു.

# ഉമ്മാനെ അനുസരിക്കണം

ഒരു ദിവസം വൈകുന്നേര സമയത്ത് നല്ല മഴപെയ്തപ്പോൾ എനിക്കൊരു ആഗ്രഹം മഴയത്തിറങ്ങി കളിക്കാൻ.ഞാൻ ഇതുവരെ മഴയത്ത് കുടയില്ലാതെ ഇറങ്ങിയിട്ടില്ല. ഞാൻ കണ്ടിട്ടുള്ളത് സിനിമയിൽ ഒക്കെയാണ്. ഉമ്മാനോട്



ചോദിച്ചപ്പോൾ ഉമ്മ ഇറങ്ങേണ്ട എന്നു പറഞ്ഞു. പക്ഷേ ഇറങ്ങണം കളിക്കണം എന്നതായിരുന്നു. ഞാൻ ഉമ്മ അടുക്കളയിലേക്ക് പോയതിനുശേഷം ഞാൻ മഴയത്തിറങ്ങി. എന്ത് രസം മുഖം നനക്കാൻ. ഞാൻ കുറെ നേരം ആസ്വദിച്ചു. ശേഷം അനുജത്തി വന്ന ഉമ്മാനോട് പറഞ്ഞുകൊടുത്തു. ഉമ്മ വന്ന കുറേനേരം വഴക്ക് പറഞ്ഞു. ഞാൻ കുറെ കരഞ്ഞു. ശേഷം കുളിക്കാൻ പോയി. കുളിച്ചു വന്നപ്പോൾ മൂക്ക് വേദനിക്കാനും ശരീരം മുഴുവൻ വേദനിക്കാൻ തുടങ്ങി. അതായിരുന്നു എനിക്ക് പാനിയും ജലദോഷവും ഉണ്ടായി. ഈ പനിയും ജലദോഷവും ഉണ്ടായത് ഈ മഴയത്ത് കളിച്ചത് കൊണ്ടാണ്. ഇതാണ് എന്നു ഉമ്മ അറിഞ്ഞപ്പോൾ അതിനേക്കാൾ കൂടുതൽ ചീത്ത പറഞ്ഞു. ശേഷം ഞാൻ മഴയെ തേക്ക് കുടയില്ലാതെ ഇറങ്ങിയില്ല .

ഇതാണ് നമ്മൾ പറയുന്നത് ഉമ്മ പറയുന്നത് അനുസരിച്ചില്ലെങ്കിൽ നമുക്ക് ആപത്ത് കിട്ടുന്നതാണ്. ഇതാണ് എൻറെ അനുഭവ കുറിപ്പിൻറെ ഗുണപാഠം.

# BLIND MAN



Man,please listen........

who are you visitors

your daughter,your sisters

and friends.........

and female fellow beings,

you cant recognize?,

I hate your super messy

that interrogate their privacy

Once,rape your visitors

she bore your daughter

then , she studied whats man ,

that not tutored in school than

at a time you beat your daughter,

she ended up her life,with horror.

Then law will traps

but power excite.

Then you danger wives in part

she raw slavery in your anarchy.

After she moves life or children

with all her worse hidden

now!you cant realize your female fellow beings!

On a bur you closed her dignity

it guided all girls with divinity

she cried for her life

and couldnt quench her thirst her self

man,they afraid of you......

you are blind......

-Rinsha.o .9A

-

# FRIENDS FOREVER



Friendship is
one of-
lifes greatest
treasure
Friends that
are loyal are-
always there
is to make
you happy.
When you are down,
they are not afraid to help.
You avoid mistakes and
they look out for your best in trust.
The pain caused by a friends
marred by betrayed is not easy to overcome.

***WITHOUT FRIEND LIFE IS NOTHING.***

*- Khaira*

# *HEART BEATS*



When the dawn arrives
I stand besides
on a road that divides
the busy and passing world
men pass by and time goes by.
People see me with only a sigh.
I stood and watched with tattered clothes .
They say your are grown up now.
You can work up and earn
And then you will be free
but they don't realize that
I was always free as one could be
I saw women cuddle their children
I saw man getting man things
as per the wishes of their children
who is their everything.
I stood and watched
so not to interrupt them
I thought at once how get cheered them
With every under the sun
I rested my heart at last
covering all my feelings.

**-Khaira-**

*little kite member*

# *LIFE LINE*

Life is a book - read it.
Life is a beauty - enjoy it.
Life is a challenge - achieve it.
Life is a song - sing it.
Life is a dream - realize it.
Life is a sorrow - overcome it .
Life is a duty - do it.
Life is a struggle - accept it.
Life is a promise - full fill it.
Life is a game - play it.
Life is an ending - remember it.

-Hamna-




# കഥയില്ലാത്തവൻ

അയാൾ അനവധി
കഥയെഴുതി
എല്ലാവരേയും
കാണിച്ചു
കണ്ടവരെല്ലാം ചോദിച്ചു ,
ഇതെന്തു കഥ?
അയാൾ കഥ
കീറിയെറിഞ്ഞു.



വീണ്ടും എഴുതി
വീണ്ടും വീണ്ടും എഴുതി
ഒടുവിൽ അയാൾ
കഥയില്ലാത്തവനായിത്തീർന്നു.




രാജീവ് ചടയമംഗലം

# മരണമാശിക്കുന്നവർ

വാടായിരിക്കടാ മക്കളെ
നീയുങ്ങു മടിയിലിരിക്കെടാ
ചൊല്ലിടാം കഥകൾ ഒരുപാടു മക്കളെ
കേൾക്കാൻ നിയിങ്ങുവാടാ...
ചൊല്ലിടാനാശയുണ്ടിങ്ങനെ
കേൾക്കാനാരുണ്ടിവിടെ
നാലുചുമരിന്റെയുള്ളിൽ
ഇങ്ങനെപറഞ്ഞിടാം ഒരുപാട്തവണ
മക്കളുണ്ട് മരുമക്കളുണ്ട്
കൊച്ചു മക്കളും ഏറെയുണ്ട്
എങ്കലുമീതള്ള കഴയണം
ഈ നാലു ചുമരിനുള്ളിൽ
കേൾക്കണം ദൈവങ്ങളെ എന്നെ
വേഗമങ്ങ് കൊണ്ടു പോയീടണം
മക്കൾ തൻ കൈകൊണ്ട് ചാവാനാ-
ശയില്ലെൻ ദേവീ
ശാന്തി തൻ കനിയേണമെൻ-
മക്കൾക്ക് നീ-
ഈ തള്ളയെപ്പോലെയവയേയും
നരഗം കാണിക്കെല്ലെൻന്നീശ്വരാ...

-Rahna 9E ,
Little kite

# പത്ത്!





പത്തിനെ പേടിയുണ്ടെനിക്ക് പക്ഷെ
പേടിച്ചിരുന്നിട്ട് കാര്യമില്ല
പത്തോന്ന് ചോദിക്കുന്നവരോട്
പത്തെന്ന് ധൈര്യത്തിൽ ചൊന്നിടേണം
പത്തിനെ പത്തായി കണ്ടുകൊണ്ട്
പത്തിൽ പത്തും നേടികൊണ്ട്
പത്തിനോട് വിട പറയാൻ
പൂതിയുണ്ടെനിക്കതിനായ്
പഠിച്ചീടണം നന്നായി എന്നും
പിന്നെ എനിക്കുറക്കെ പറയണം
"പത്തേ, നീ വെറും പത്ത് മാത്രം"

# വല്ല്യുപ്പ ഉറങ്ങുകയാണ്

അസ്വർ നിസ്കാരം കഴിഞ്ഞ് പള്ളി പറമ്പിലേക്ക് നോക്കി ഇരിക്കുകയാണ് അലി മോൻ.
ഒറ്റ വരിയായി നിൽക്കുന്ന മീസാൻ കല്ലുകൾ..... അതിലൊന്നു വല്യുപ്പയുടെ അതാണല്ലോ എന്നോർത്ത് അവൻറെ കണ്ണുകൾ നിറഞ്ഞു

പതിയെ അവൻറെ ചിന്തകൾ വല്യുപ്പയുടെ കൂടെ കഴിഞ്ഞ നാളുകളിലേക്ക് സഞ്ചരിച്ചു ഞാനൊന്നു വെച്ചാൽ ജീവനായിരുന്നു' വല്യുപ്പാക്ക് എൻറെ ആഗ്രഹങ്ങൾ ഉടനെ സാധിച്ചുതരും എന്നെ ദർസിലേക്ക് പറഞ്ഞയച്ചത് വല്യുപ്പയുടെ നിർദേശപ്രകാരമായിരുന്നു മാസത്തിൽ ഒരിക്കൽ ഞാൻ വീട്ടിൽ വരുമ്പോൾ വല്ലിപ്പ എന്നെയും കൂട്ടി അങ്ങാടിയിൽ പോയി എനിക്കിഷ്ടമുള്ളത് വാങ്ങിത്തരും സ്കൂളിൽ ഒന്നും രണ്ടും ക്ലാസ്സുകൾ പഠിച്ചത് ഉപ്പയുടെ ഉമ്മയുടെ വീട്ടിൽ നിന്നായിരുന്നു എല്ലാ ദിവസവും സ്കൂൾ വിട്ടുവരുമ്പോൾ വല്ലിപ്പ എന്നെ കാത്തിരിപ്പ് ആവും ഞാൻ വന്നാൽ ഉടനെ രണ്ടുപേരും കൂടി ചായ കുടിക്കും ശേഷം അന്നത്തെ സ്കൂൾ വിശേഷങ്ങളുടെ അന്വേഷണമായി

അതുകഴിഞ്ഞ് വല്യുപ്പയുടെ പഴയ കഥകൾ പറഞ്ഞു തരും. പണ്ട് വയലിൽ പണിക്ക് പോയതും മലയിൽ അണ്ടി പെറുക്കാൻ പോയതും തുടങ്ങി ഒരുപാട് കാര്യങ്ങൾ എന്നെ നിസ്കരിക്കാനും ദുആ ചെയ്യാനും ഒക്കെ പഠിപ്പിച്ചത് വല്ലിപ്പ ആയിരുന്നു ഓരോ ലീവിനു വീട്ടിൽ വരുമ്പോൾ ഒരുദിവസം വല്യുപ്പയുടെ കൂടെ ചെലവഴിക്കും ഞാനും വരുന്നുണ്ട് എന്ന് അറിഞ്ഞാൽ പെരുത്ത് സന്തോഷമാകും അടുത്തേക്ക് വല്യുപ്പയുടെ അടുത്തേക്ക് പോവുമ്പോൾ എനിക്കും അങ്ങിനെ തന്നെ ഞാൻ ബിരുദം നേടി വലിയ ആൾ ആവുന്നത് കാണാൻ ഏറ്റവും ആഗ്രഹിച്ചത് വലിപ്പമായിരുന്നു പക്ഷേ എന്നെ തനിച്ചാക്കി വല്ലിപ്പ പോയി



അലി monte കണ്ണിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി കൊണ്ടിരുന്നു

ഇനി എന്നും വല്യുപ്പാക്ക് വേണ്ടി യാസീൻ ഓതി ദുആ ചെയ്യണം മനസ്സിൽ ഉറപ്പിച്ചു. വല്യുപ്പയുടെ ആഗ്രഹം പോലെതന്നെ മയ്യത്ത് നിസ്കാരത്തിന് നേതൃത്വം നൽകിയത് അലിയായിരുന്നു അവൻറെ ചിന്തകൾക്ക് ആയം കൂടിക്കൊണ്ടിരുന്നു

വാ മോനേ ദുആ ചെയ്യേണ്ടേ ഉപ്പയുടെ വിളികേട്ടാണ് ചിന്തയിൽ നിന്നുണർന്നത്. വേഗം കണ്ണുകൾ തുടച്ചു മുഖത്ത് ഒരു ചിരി വരുത്തി എഴുന്നേറ്റുനടന്നു

അലി മോനായിരുന്നു ദുആക്ക് നേതൃത്വം നൽകിയത് സങ്കടം കാരണം ദുആ മുഴുവിപ്പിക്കാൻ ആവില്ലെന്ന് അവൻ ഉറപ്പായിരുന്നു. അതിനാൽതന്നെ വല്യുപ്പ പഠിപ്പിച്ചുതന്ന പ്രധാനപെട്ട ദുആ മാത്രം ചൊല്ലി നിർത്തി പത്ത് സ്വലാത്ത് ചൊല്ലി വല്ലിപ്പ യോടും മറ്റു ഖബറാളികളോട് സലാം പറഞ്ഞു അലി മോൻ തിരിച്ചുനടന്നു വല്യുപ്പയുടെ ഖബറിന് അരികെ തന്നെയായിരുന്നു വല്യുമ്മയുടെ യും ഖബറിടം രണ്ടുപേരും സ്വർഗത്തിലിരുന്ന്. കിസ്സ പറയുന്നുണ്ടാകും . അലി മോൻ മനസ്സിൽ പറഞ്ഞു പള്ളി പറമ്പിനെ ഗേറ്റ് കടക്കുമ്പോൾ അലി മോൻ അവസാനമായി ഒന്നു തിരിഞ്ഞുനോക്കി അപ്പോഴും വല്യുപ്പ ഉറങ്ങുകയായിരുന്നു എന്നെന്നേക്കുമായുള്ള ഉറക്കം

# ജനിക്കാതെ പോയ ഒരു പെൺകുഞ്ഞിന്റെ ഡയറികുറിപ്പ്



ഇത് കഥയല്ല കവിതയുമല്ല
ജനിക്കാതെപോയെ ഒരു
പെൺകുഞ്ഞിന്റെ
ഡയറികുറിപ്പാണ് .
അവൾ പറയുന്ന തന്റെ കഥ .
ജൂൺ 15 , ഞാൻ ഒരു
കുഞ്ഞുപൊട്ടായി അമ്മയുടെ
ഗർഭപാത്രത്തിൽ പറ്റിപ്പിടിച്ചിരിക്കുന്നു.ജൂൺ 22,ഇപ്പോൾ ഞാനൊരു കോശമായി.
ജൂലൈ 22,'അമ്മ അച്ഛനോട് പറയുവാ നമുക്കൊരു വാവ ഉണ്ടാവാൻ
പോകുന്നു.അമ്മയ്ക്കും അച്ഛനും എന്ത് സന്തോഷമായെന്നോ.ജൂലൈ 26,എനിക്കിപ്പോ
'അമ്മ പോഷണങ്ങൾ തരാൻ തുടഗിയിരിക്കുന്നു .അച്ചാമ്മ പറഞ്ഞു അമ്മയുടെ
നന്നായി ഭക്ഷണം കഴിക്കാൻ.
ഓഗസ്റ്റ് 3,'അമ്മ സുന്ദരിയായി പുറപ്പെട്ടിരിക്കുകയാണ്.സ്കാനിങ്ങിനു പോവാൻ
അച്ഛൻ അമ്മയെ മെല്ലെ സൂക്ഷിച്ചാണ് കാറിലിരുത്തിയത് . എനിക്ക് ഇളക്കം
തട്ടാതിരിക്കാൻ.
ഡോക്ടർ സ്കാനിംഗ് ചെയ്യുപ്പോൾ അമ്മയുടെ വയർ അമർത്തിയപ്പോൾ എനിക്ക്
പേടിയായി.പിന്നെ അമ്മയുടെ വയറ്റിലാണല്ലോ എന്നത് എനിക്ക് ധൈര്യം വന്നു.
ഓഗസ്റ്റ് 12,എനിക്കിപ്പം കുഞ്ഞു തലയും കാലും കൈയും വന്നല്ലോ .അമ്മയുടെ
ഹൃദയമിടിപ്പും ശബ്ദവും എനിക്ക് കേൾക്കാം.വേഗം പുറത്തെത്തി എന്റെ അമ്മയെ
കാണാൻ കൊതിയായി.അച്ഛൻ ചോദിക്കുവാ ഡോക്ടറോടു ഞാൻ എന്ത്
വാവയാണെന്നു .അപ്പോൾ എനിക്ക് ദേഷ്യവും സങ്കടവും ഒക്കെ വന്നു.ഞാൻ
ആദ്യമായി അമ്മയുടെ ഇളക്കത്തിലൂടെ എന്റെ പ്രധിഷേധം അറിയിച്ചു.ഞാൻ
അനങ്ങിയപ്പോൾ അമ്മയുടെ സന്തോഷം കാണേണ്ടതുതന്നെ.ഡോക്ടർ പറഞ്ഞല്ലോ
ഞാൻ പെണ്കുട്ടിയാണെന്നു എനിക്കും സന്തോഷമായി.നല്ല ഉടുപ്പുകൾ ഒക്കെ ഇട്ടു
നടക്കാമല്ലോ.പെണ്കുട്ടിയെന്നു കേട്ടപ്പോൾ അച്ഛന്റെയും അമ്മയുടെയും മുഖം
വാടിയോ എന്നൊരു തോന്നൽ അച്ഛനും അമ്മയും ഇന്ന് മൗനികളായിരുന്നു 'അമ്മ
ഒന്നും കായിച്ചതുമില്ല .എനിക് വിശന്നിട് വയ്യ.അച്ഛമ്മയോട് അച്ഛൻ പറയുവാ
എനിക് വളർച്ച പോരാ എന്ന്.രാത്രി അച്ഛനും അമ്മയും എന്നെ വേണ്ട എന്നെ
ഒയിവാക്കുകയാണ് എന്ന് പറഞ്ഞു .ഞാൻ കുറെ ഇളകി നോക്കി .എനിക് അകെ
സകടമാകുന്നു .അമ്മയുടെ മുഖത്തിപ്പോ സങ്കടമാണ് .എന്റെ പൊക്കിൾ കോടിയിൽ

ചുറ്റി ആത്മഹത്യാ ചെയ്യാൻ ഞാൻ നോക്കി .പക്ഷേ കഴിഞ്ഞില്ല .എന്റെ കുഞ്ഞിചുണ്ടുകൾ വിതുമ്പാൻ തുടങ്ങി .

സെപ്റ്റംബർ 3 , അമ്മയും അച്ഛനും ആശുപത്രി കിടക്കയിലേക്ക് എന്നെ കളയാൻ .ഓപ്പറേഷൻ ടേബിളിലെ അമ്മയെ ഡോക്ടർ സൂചി വെച്ചപ്പോൾ എനിക്ക് സങ്കടമായി പാവം എന്റെ അമ്മ .ഡോക്ടർ മൂർച്ചയുള്ള ആയുധങ്ങളുമായ് എന്റെ നേർക്ക് വന്നപ്പോൾ ഞാൻ പേടിച്ച പോയി എന്റെ പ്രധിഷേധങ്ങളേ വക വെക്കാതെ എന്റെ കുഞ്ഞു കാൽ വിരലുകൾ അവരാദ്യം നുറുക്കിഎടുത്തു .വേദനകൊണ്ട് ഞാൻ പുളഞ്ഞു .പിന്നെ എന്റെ കാലുകൾ ,കായ്കൾ ,ഉടൻ എല്ലാം ...പതിനഞ്ചു മിനുട്ട് കൊണ്ട് അവർ എന്നെ കലക്കിയെടുത്തു . ഞാൻ വെറും നാല് മാസമാണെങ്കിലും എനിക്കുണ്ട് ജീവനുംആത്മാവും .ഞാൻ കണ്ടു അച്ഛന്റെയും അമ്മയുടെയും സന്തോഷം .

അങ്ങനെ എന്റെ ആത്മാവും നിലാവിന്റെ കല്പടവു കയറി യാത്ര തുടർന്ന് .ഇനിയുള്ള കുറിപ്പിന് തിയ്യതികളില്ല .കലണ്ടർ തൂങ്ങാത്ത ചുവരുകളില്ലാത്ത ലോകം ആദ്യം എന്നെ പേടിപ്പിച്ചെങ്കിലും പതുക്കെ മനസ്സ് തണുത്തു ,അവിടെ എത്തിയപ്പോൾ എന്റെ പ്രായത്തിലുള്ള കൂട്ടുകാർ ,കുഞ്ഞു ചേച്ചിമാർ അമ്മയുടെ രൂപം തോന്നുന്ന കുറെ അമ്മമാർ ,അവർ ഓടി വന്ന്കോരിയെടുത്തു എന്നെ ഉമ്മവെച്ചു . ചേച്ചിമാർ കഥ പറഞ്ഞു തന്നു ,ഭൂമിയിലെ മനുഷ്യരൂപായ മണിഞ്ഞ ചെന്നായ്ക്കളെ കുറിച്ച ,കുഞ്ഞി കിളികളെ കൊല്ലുന്ന കഴുകൻമാരെ കുറിച്ച്,അവർ മാംസ ദാഹികളാണ് .ഞാൻ എന്റെ ഭാഗ്യത്തെ കുറിച്ചോർത്തു .ഈ ഭൂമിയിൽ ജനിക്കാതെ പോയ കുഞ്ഞിന്റെ ഭ്യാഗ്യമോർത്തു .ഭൂമിയുടെ സൗന്ദര്യത്തെ ആസ്വദിക്കുന്നതിന് മുമ്പ് മരിച്ച വീണ ഒരുപാട് പെൺകുഞ്ഞുങ്ങളുടെ കുഞ്ഞു പ്രതിനിധിയാണ് ഞാൻ ......

- RENA - LITTLE KITE MEMBER

# ഗുരുദക്ഷിണ

" ഇന്ന് രാമപുരത്തു വലിയ ആഘോഷമാണ്. അവരുടെ സ്വന്തമായ ആഘോഷം എല്ലാവരും വലിയ തിരക്കിലും സന്തോഷത്തിലും ഞാൻ കാണാൻ പോയിന്നു എന്താ കെങ്കേമം " ഇതു പറഞ്ഞാണ് മുകുന്ദൻ സാർ സ്റ്റാഫ് റൂമിലേക്ക് കയറി വന്നത്. പെട്ടെന്നാണ് രമണി ടീച്ചറുടെ മനസ്സിൽ അത് തെളിഞ്ഞത്"



എൻറെ ക്ലാസ്സിലെ വിഷ്ണുവും എ ഈ രാമപുരത്ത് കാരനല്ലേ വെറുതെയല്ല ഒരാഴ്ചയായി അവൻ ക്ലാസ്സിലേക്ക് വന്നിട്ട്, പിന്നെ ആ ഹാള് മുഴുവൻ വിഷ്ണു വിനെ കുറിച്ചുള്ള സംസാരത്തിൽ മുഴുകി ക്ലാസ്സിൽ വല്ലപ്പോഴും വന്നുപോകുന്ന അതിഥി . തോന്നിയാൽ പഠിക്കും ഇല്ലേൽ വെറുതെ ചിരിച്ച് കളിച്ചു നടന്നു സമയം തിന്നു തീർക്കലാണ് അവൻറെ പതിവ്. സ്ക്രൂളിലെ അവസാനത്തെ ക്രൂട്ട് ബെല്ല മുഴങ്ങി ടിം കുട്ടികളെല്ലാം കെട്ടിനിർത്തിയ ഡാം തുറന്നുവിട്ടത് പോലെ ചിതറി പാഞ്ഞു. അധ്യാപകരും വീട്ടിലേക്ക് മടങ്ങി. പിറ്റേദിവസം രാവിലെതന്നെ രമണി ടീച്ചർ" ക്ലാസ്സിലേക്ക് കയറിവന്നു ഗുഡ്മോണിങ് ടീച്ചർ ആ ഗുഡ്മോണിങ് ഇരിക്ക് ഇരിക്ക് " അല്ല ഇന്ന് നമ്മുടെ വിഷ്ണു വന്നിട്ടുണ്ടല്ലോ ഇതെന്താ പതിവില്ലാതെ"

ടീച്ചറുടെ കളിയാക്കൽ രൂപത്തിലുള്ള ചോദ്യംകേട്ട് എല്ലാവരും ചിരിച്ചു ടീച്ചറുടെ വായയും പട്ടികയും അതിവേഗത്തിൽ ചലിച്ചുകൊണ്ടിരുന്നു ഇടവേള മണി മുഴങ്ങി ടീച്ചർ ക്ലാസ്സിൽനിന്ന് വെളിയിലേക്കിറങ്ങി പോകാൻ തുടങ്ങുമ്പോൾ പിറകിൽ നിന്നൊരു വിളി കേട്ടു "ടീച്ചറേ" ടീച്ചറുടെ കാലുകൾ നിശ്ചലമായി" എന്താ വിഷ്ണു. ടീച്ചർ എനിക്ക് ഒരു ആയിരം രൂപ കടം തരുമോ? പെട്ടെന്ന് തിരിച്ചു തരാം വിഷ്ണുവിൻറെ ഈ വർത്തമാനം കേട്ട് അപ്പുറത്തെ ക്ലാസ്സിലെ സുജാത ടീച്ചറും വന്നു ഇത് കേട്ടപാടെ ഒരു

മറുചോദ്യവും ഇല്ലാതെ" കൊടുക്കണ്ട ടീച്ചറെ ക്ലാസിൽ നേരാംവണ്ണം വരിക പോലും ചെയ്യാത്ത ഇവനെ ഇനി എന്ന കാണാനാ. സ്വന്തമെന്നു പറയാൻ അച്ഛനോ അമ്മയോ ഇല്ലാത്ത ഇവൻ പിന്നെ എവിടെന്നാ ഇവൻ ഇത്രയും രൂപ കിട്ടുക. ഞാൻ പറയേണ്ടത് പറഞ്ഞു എന്നു പറഞ്ഞു അവർ നേരെ നടന്നു. പക്ഷേ അവൻറെ നിഷ്കളങ്കമായ മുഖവും അവൻ അത്രയും തീർച്ച യോടെ ഉറപ്പിച്ച് പറഞ്ഞതിനാലും രമണി ടീച്ചർ അവന് അത്രയും രൂപ കൊടുത്തു. അവൻ ടീച്ചറോട് നന്ദി പറഞ്ഞു ഒരു ചെറു സ്നേഹത്തിൻറെ സന്തോഷത്തിൻറെ ചിരി ചിരിച്ച് അവൻ തിരിഞ്ഞു നടന്നു. ടീച്ചറുടെ കണ്ണുകൾ അവനെ തന്നെ നോക്കി. ദിവസം രണ്ടു കഴിഞ്ഞു ഇന്നലെയും ഇന്നും ഒന്നും വിഷ്ണുവിനെ ക്ലാസ്സിൽ കാണാത്തതിനാൽ രമണി ടീച്ചർ വളരെയധികം പരിഭ്രമിച്ചു. ആ ചെക്കൻ തന്നെ പറ്റിച്ചതാണെന്ന് ടീച്ചർ കരുതി. എന്നാലും ആ പാവം സാരമില്ല ഒരായിരം രൂപയല്ലേ. അത് പോട്ടെ എന്നു കരുതി സ്വയം ആശ്വസിച്ചു

കാലം ആരെയും കാത്തു നിന്നില്ല അത് അതിവേഗം തന്നെ പാഞ്ഞു ദിവസങ്ങൾ ആഴ്ചകളായി ആഴ്ചകൾ മാസങ്ങളായി. ക്ലാസ്സിലേക്ക് വല്ലപ്പോഴും വരുന്ന വിഷ്ണു ക്ലാസിലേക്ക് തന്നെ വരാത്തത് ടീച്ചർക്ക് സംശയമുണ്ടാക്കി ടീച്ചർ അതു പുറത്തുകാണിച്ചില്ല. അങ്ങിനെ ഒരു ദിവസം ടീച്ചർ മാർക്കറ്റിൽ പച്ചക്കറി വാങ്ങാൻ വേണ്ടിവന്നു മരം കയറ്റു കാരും പച്ചക്കറി പീടിക കാര്യം മീൻ വിൽപനക്കാരും , തുണിസഞ്ചി വിൽപനക്കാരും കൊണ്ടും ആ മാർക്കറ്റ് നിറഞ്ഞിരുന്നു. വിപണന സാധനങ്ങൾ വാങ്ങാൻ വേണ്ടു ധാരാളം സ്ത്രീകളും കുട്ടികളും എല്ലാം അവിടെ നിൽപ്പുണ്ടായിരുന്നു ചിലര് സാധനങ്ങൾ വാങ്ങിപ്പോകുന്നു. ചിലർ വരുന്നു ചില ചിലർ കച്ചവടക്കാരോട് തർക്കിക്കുന്നു. അങ്ങനെ ധാരാളം ബഹളങ്ങളും തിരക്കുകളും. ഇതിനിടയിൽ ടീച്ചർ പച്ചക്കറികൾ വാങ്ങി തുണി സഞ്ചിയിലിട്ട് പോകാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴാണ് ടീച്ചറുടെ ശ്രദ്ധയിൽപെട്ടത്. എവിടെയോ പരിചയമുള്ള മുഖം. വിയർത്തൊലിച്ച് മുഖം ചുവന്ന നിറത്തിലുള്ള ആ മുഖത്തേക്ക് ടീച്ചറും ഒന്നുകൂടി നോക്കി " വിഷ്ണു" ടീച്ചറുടെ ചുണ്ടുകൾ മന്ത്രിച്ചു. തിരക്കിട്ട്

മുതലാളിയുടെ ശകാരവും കേട്ട് 14 വയസ്സ് 15 വയസ്സ് ഉള്ള ആ കുട്ടി ലോറിയിലേക്ക് ചുറ്റും രണ്ടുപേരും സഹായിച്ച മരം ലോറിയിലേക്ക് കയറ്റുകയാണ്.
ടീച്ചർ ഒരു നിമിഷത്തേക്ക് സ്തംഭിച്ചു. ടീച്ചർ അവനെത്തന്നെ ഉറ്റുനോക്കി പക്ഷേ അവൻറെ ശ്രദ്ധ ജോലിയിലായിരുന്നു അവൻ ആരെയും കണ്ടതേയില്ല. അത് തുടർന്നു. മെല്ലെ തന്നിൽ നിന്നും നീങ്ങിയ മുതലാളിയെ അവനൊന്നു നോക്കി 'ഭാഗ്യം' അവൻ മനസ്സിൽ പറഞ്ഞു. മൊതലാളി തൻറെ പരിചയക്കാരനായ അപ്പുറത്തെ കച്ചവടക്കാരനോട് നാട്ടുവിശേഷം പറയുകയാണ്. വിഷ്ണു ലോറിയുടെ കമ്പി പിടിച്ച് ചാരി നിന്നു ഒരു കുപ്പിയിൽ വെള്ളമെടുത്ത് നാലഞ്ച് കവിള് വെള്ളമിറക്കി. ഒരു നെടുവീർപ്പിട്ടു. നിശബ്ദനായി ചുറ്റും തിരിഞ്ഞു നോക്കിയപ്പോഴാണ് അവൻറെ മേൽ പതിഞ്ഞ ആ രണ്ടു കണ്ണുകളെ അവൻ കണ്ടത്. അവൻ പറഞ്ഞു" ടീച്ചർ'. തലയിൽ കെട്ടിയ കള്ളിമുണ്ട് അഴിച്ച് അവൻ മുഖത്തിലെ വിയർപ്പ് എല്ലാം തുടച്ചു. ടീച്ചറുടെ അടുത്തേക്ക് ചെന്ന് പറഞ്ഞു. "ഒന്നും വിചാരിക്കരുത് ". ടീച്ചറുടെ പൈസ തിരിച്ചുതരാൻ കഴിയാത്തതുകൊണ്ടാണ്. മുതലാളി മറ്റന്നാൾ തീർച്ചയായും പൈസ തരും എന്നു പറഞ്ഞിട്ടുണ്ട്. ഞാൻ അങ്ങോട്ട് കൊണ്ടുവന്നു തരാം. ടീച്ചറുടെ കണ്ണുകൾ കലങ്ങി ഒരു ഇടറിയ സ്വരത്തിൽ അവനോടു പറഞ്ഞു" ഏയ് ' എനിക്ക് നീ ആ പൈസ തിരിച്ചു തരുക ഒന്നും വേണ്ട. നീയെന്താ ക്ലാസ്സിൽ വരാത്തത്,. നിനക്ക് നല്ലവണ്ണം പഠിക്കണ്ടേ. ഒരു നല്ല ജോലിയും ജീവിതവും ഒക്കെ നീ ആഗ്രഹിക്കുന്നില്ലേ. അവൻറെ കണ്ണീർത്തുള്ളി സമ്മതം ഇല്ലാതെ ഒഴുകി. അവൻ പറഞ്ഞു ടീച്ചറെ എൻറെ ചെറിയച്ഛനും അച്ഛമ്മയും മംഗലാപുരത്ത് ആയിരുന്നു താമസം. ഞങ്ങളിവിടെ രാമപുരത്തും. ഒരിക്കൽ ചെറിയച്ചൻറ് കല്യാണത്തിന് തലേന്ന് തന്നെ അച്ഛനും അമ്മയും പോകാനൊരുങ്ങി. നാളെ രാവിലെ വരാമെന്നു പറഞ്ഞു ഞാനും അനിയത്തിയും. കൂട്ടിന് ചെറിയമ്മയും ഉണ്ടായിരുന്നു. കളിച്ചുകൊണ്ടിരുന്ന എൻറെ അനിയത്തിയുടെ കാതുകളിലേക്ക് ആണ് ആ ഇടറിയ ശബ്ദം പതിച്ചത്. അതു ചെറിയമ്മയുടെതായിരുന്നു. മംഗലാപുരത്തേക്ക് പോകുന്നതിനിടെ ഒരു ലോറി കത്തി. ഞങ്ങളുടെ

അച്ഛൻ ഞങ്ങളെ വിട്ടുപോയി. അമ്മയെ ആശുപത്രിയിൽ എത്തിച്ചു. ഏതാനും ദിവസങ്ങൾക്ക് ശേഷം അമ്മയും കണ്ണടച്ചു. പിന്നെ ആ വീട്ടിൽ ഞാനും എൻറെ അനിയത്തിയും തനിച്ചായി. ഞങ്ങൾക്ക് കൂട്ടായി അച്ചമ്മയും ഞങ്ങളുടെ കൂടെ താമസിച്ചു. ചെറിയച്ഛനും മറ്റു ഉറ്റബന്ധുക്കളും എല്ലാം ഞങ്ങളിൽനിന്ന് അകന്നു. എൻറെ അനിയത്തി അഞ്ചാം ക്ലാസ്സിലാണ് പഠിക്കുന്നത് അനിയത്തിയുടെ ഫീസിനും അച്ചമ്മയുടെ മരുന്നിനും ഒക്കെയുള്ള ഏക ആശ്രയം ഞാൻ മാത്രമാണ്.. വീടിനടുത്തുള്ള ദീപക്ചേ ട്ടനാണ് എനിക്ക് ഈ ജോലി തന്നത് ഇതാണ് ഇന്ന് ഞങ്ങളുടെ ജീവിതം . ഇത്രയും പറഞ്ഞു അവൻറെ ചുണ്ടുകൾ പതിയെ നിശ്ചലമായി ടീച്ചർ അവനെ ചേർത്തുപിടിച്ചു പറഞ്ഞു ദാ നീ ഇതു പിടിച്ചോ . എന്നുപറഞ്ഞ് രമണി ടീച്ചർ കുറച്ചു പണം അവനു നൽകി. പിന്നെ നീ എന്നും ക്ലാസിൽ വരണം പഠിക്കണം എന്നിട്ട് വലുതായി . ഒരു ജോലിയൊക്കെ വാങ്ങി അച്ചമ്മയും അനിയത്തിയെയും ഒക്കെ നോക്കണം. ഇത്രയും പറഞ്ഞു ടീച്ചർ നടന്നു. മുതൽ മുടങ്ങാതെ അവൻ ക്ലാസ്സിൽ വരാൻ തുടങ്ങി. ഉഴപ്പൽ മാറ്റി അവൻ നല്ലവണ്ണം പഠിച്ചു. ടീച്ചർ അവന് വലിയൊരു സാന്ത്വനമായിരുന്നു. പിന്നെ അവൻ ടീച്ചറമ്മ എന്നായിരുന്നു ടീച്ചറെ വിളിച്ചിരുന്നത്. നാളുകൾ കഴിഞ്ഞുപോയി വിഷ്ണു ഇപ്പോൾ പ്ലസ് വൺ ക്ലാസ്സിലാണ് പഠിക്കുന്നത്. ഒരുദിവസം അവൻ ടീച്ചർ അമ്മയെ കാണാൻ വീട്ടിലേക്ക് പോയപ്പോൾ അവന് സഹിക്കാൻ കഴിയാത്ത ആ വാർത്ത അവൻ അറിഞ്ഞത്. ടീച്ചർ നാളെ ബാംഗ്ലൂരിലേക്ക് പോവുകയാണ്. പെട്ടെന്നായിരുന്നു തീരുമാനം. ടീച്ചറുടെ ഭർത്താവും മക്കളുമെല്ലാം ബാംഗ്ലൂരിലാണ്. ടീച്ചർക്കും വിഷ്ണുവിനെ കൂടാതെ പോകുക എന്നത് പ്രയാസകരമായിരുന്നു. എന്നാലും വിഷമത്തോടെ തന്നെ ടീച്ചർ പോയി. ടീച്ചർ ബാംഗ്ലൂരിലെത്തി രണ്ടുമാസം കഴിഞ്ഞ് ഉടനെ തന്നെ ടീച്ചറുടെ ഭർത്താവ് ഒരു ഹാർട്ട് അറ്റാക്ക് അനുഭവപ്പെട്ട മരണമടഞ്ഞു. പിന്നെ മക്കളെല്ലാം സ്വത്തിന് പേരിൽ വാക്കുതർക്കമായി. അവസാനമവർ ഒരു തീരുമാനത്തിലെത്തി സ്വത്തുക്കളെല്ലാം വീതിച്ചു ഒരു സ്വത്ത് മാത്രം ബാക്കിയാക്കി തങ്ങളുടെ അമ്മ. അമ്മയെ ആര് ഏറ്റെടുക്കണം .എന്നകാര്യത്തിൽ ആയി പിന്നെ തർക്കം അവസാനം

അവർ അമ്മയെ നാട്ടിലെ വൃദ്ധസദനത്തിൽ എത്തിച്ചു. വർഷങ്ങൾ കടന്നുപോയി. ഒരുദിവസം വിഷ്ണു തൻറെ ജോലിയുടെ ആവശ്യം പറഞ്ഞു കണ്ണൂരിലേക്ക് പോവുകയായിരുന്നു വെള്ളം കുടിക്കാനായി ഒരു പീടികയുടെ അടുത്തു കാർ നിർത്തി. തൊട്ടു പിറകിലുള്ള വൃദ്ധസദനം അവൻറെ കണ്ണിൽപ്പെട്ടു. ഉമ്മറത്ത് ചാരിയിരിക്കുന്ന ആമുഖം അവൻറെ മനസ്സിൽ പതിഞ്ഞു. അവൻ മെല്ലെ ഉരുവിട്ടു 'ടീച്ചറമ്മ ' മുഖമാകെ ചുളിഞ്ഞ നരച്ച മുടിയും കണ്ണീർ ചാലുകളും ആ മുഖത്ത് ദൃശ്യമായിരുന്നു അവൻ മെല്ലെ ടീച്ചറുടെ അടുത്തേക്ക് നീങ്ങി. അവൻ ടീച്ചറുടെ കൈപിടിച്ച് പറഞ്ഞു 'ടീച്ചറമ്മ 'എന്താ ഇവിടെ. അവൻറെ കണ്ണുകൾ നിറഞ്ഞു ടീച്ചർ അമ്മേ ടീച്ചർ അന്ന് എനിക്ക് തന്ന ഉപദേശങ്ങളും ടീച്ചറുടെ സാന്ത്വനവും ഒക്കെയാണ് അന്നെനിക്ക് തുണയായത്. ഇന്നെനിക്കൊരു ജോലിയുണ്ട്. ഞാനൊരു മെക്കാനിക്കൽ എൻജിനീയറാണ്. ഞാൻ എൻറെ വീട് പുതുക്കി.

അമ്മമ്മ നാലുവർഷം മുമ്പ് മരിച്ചു ഇപ്പോൾ ഞാനും എൻറെ ഭാര്യയും രണ്ട് കുട്ടികളും മാത്രമാണുള്ളത്. അനിയത്തി വിദേശത്ത് പഠിക്കുകയാണ്. ടീച്ചറെ ഞാൻ കൊണ്ടു പോട്ടെ, അവൻ ചോദിച്ചു. ടീച്ചർ അവനെ ഒന്നു ആശ്ചര്യം തോന്നും വിധം നോക്കി. അവൻ പറഞ്ഞു "എൻറെ സ്വന്തം അമ്മയായി എൻറെ മക്കൾക്ക് അമ്മൂമ്മയായി". ടീച്ചറുടെ കണ്ണുകൾ നിർത്താതെ ഒഴുകി സ്നേഹത്തിൻറെ കണ്ണീർത്തുള്ളികൾ.... ശുഭം .

# ഉണങ്ങാത്ത മുറിവുകൾ




ഉണങ്ങാത്ത മുറിവുകൾ
പുതുമഴ ചൂരുള്ള ഒരുനാളിൽ
അവൾ ഭൂമിയിലേക്ക് പറന്നിറങ്ങുന്നു
കാലത്തിൻറെ ക്രൂരമായ അടിയൊഴുക്കിൽ
സമൂഹം അവളെ പിച്ചിച്ചീന്തുന്നു!
രക്തത്തിൽ അലിഞ്ഞ് ചേർന്ന
തൻറെ വ്രണങ്ങൾ തനിക്കൊരു
നീജ്വാലയായി മാറിടുന്നു
കാലത്തിൻറെ ക്രൂരതക്ക് വിട്ട് കൊടുക്കാന്
അനുഭൂതിയുടെ പ്രതീക്ഷകളാൽ
നിറഞ്ഞ വൻകരകൾ താണ്ടി ഇരുന്നത്
അതിക്രൂരമായ അനുഭവങ്ങളുടെ,
നീല കടലുകൾ
ഒരു വീടിൻറെ 4 ചുമരിന് അകത്തു
കാത്തുനിന്നിരുന്ന ആ കാലങ്ങളുടെ
ആദി ആവണം കുറെക്കൂടി ആഴവും
പരപ്പും നൽകിയിരുന്ന
ഒരു പെണ്ണിൻറെ ജീവിതമാകുന്ന
സാക്ഷ്യപത്രം...

# പെൻഷൻ

അയാൾ പെൻഷനായി
ചടങ്ങിൽ എല്ലാവരും പ്രസംഗിച്ചു
ആദരണീയൻ ,സംപൂജ്യൻ ,സ്തുത്യർഹൻ
സമർത്ഥൻ വലിയശുഷ്കാന്തി ,കാര്യ പ്രാപ്തി
നല്ല ക്ളാസ് ....അങ്ങനെ
അയാൾ നടുങ്ങി
ചുറ്റിലും നോക്കി
മറ്റാരെങ്കിലും പെൻഷനാകുന്നുണ്ടോ ?
ഇല്ല , ആരുമില്ല .
അയാൾ സ്റ്റാഫ് സെക്രട്ടറിയെ വിളിച്ച്
ചെവിയിൽ ചോദിച്ചു
ഇവർ എന്താണീ പറയുന്നത് ?
സെക്രട്ടറി ചെവിയിൽ പറഞ്ഞു
സാർ പേടിക്കേണ്ട ,
ഒന്നും സാറിനെ കുറിച്ചല്ല .
ഇതൊരു കീഴ് വഴക്കമാണ് .
പോകുമ്പോള് ഇങ്ങനെയൊക്കെ പറയും
ഇപ്പോൾ അയാൾ ശരിക്കും ഞെട്ടി

**രാജീവ് ചടയമംഗലം**





# വസന്തം

വസന്തത്തിൻ കുളിർതെന്നൽ
വാനിൽ പരത്തീടുന്നു പൂമണം,
പൂവുകളുതിർക്കും സുഗന്ധം
മനതാരിൽ നിറച്ചീടുമാനന്ദം,
പൂന്തോപ്പിലെന്നും ശലഭങ്ങൾ
മൂളിപ്പാട്ടുകൾ പാടി നടന്നു,
പാറി പറന്നു വസന്തത്തെ വരവേൽക്കാൻ,
പൂന്തോപ്പിൽ തേനീച്ചകൾ അലയാടി
വാനോളം പൂപുലരിയിൽ
കനവിൽ വസന്തരാവുകൾ തീർക്കാൻ.

# അഭിമുഖം

പാണക്കാട് ദാറുൽ ഉലൂം ഹയർ സെക്കൻഡറി സ്‌കൂളിന്റെ 5 ആമത്തെ ഹെഡ്മിസ്ട്രസ് ആയ സുധ ടീച്ചറുമായി നമുക്ക് കുറച്ചുസമയംചെലവഴിക്കാം

ഗുഡ് മോർണിംഗ് ടീച്ചർ ,

ഞങ്ങൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന വിവരം ടീച്ചർ അറിഞ്ഞിരിക്കുമല്ലോ .ഞങ്ങൾ ടീച്ചറുമായി ഒരു അഭിമുഖമാണ് ഉദ്ദേശിക്കുന്നത് .നിങ്ങളുടെ വിലപ്പെട്ട സമയം ഞങ്ങൾക്ക് വേണ്ടി ചെലവഴിക്കാമോ ?



ടീച്ചർ :തീർച്ചയായും

ഞങ്ങൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന ഈ അവസരത്തിൽ എന്ത് സന്ദേശമാണ് പാണക്കാട് ദാറുൽ ഉലൂം ഹയർ സെക്കൻഡറി സ്‌കൂൾ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നേട്ടങ്ങൾക്ക് വേണ്ടി മുന്നിട്ടിറങ്ങിയ തങ്ങൾക്ക് പറയാനുള്ളത് ?

സുധ ടീച്ചർ :little kite ന്റെ പ്രവർത്തനം ഈ കഴിഞ്ഞ വർഷമാണ് അതിന്റെ പ്രവർത്തനം ആരംഭിച്ചത് .വളരെ നല്ല പന്ങ്കലീത്തമാണ് കൈ വരിച്ചു .little kite ന്റെ മാസ്റ്റർ ട്രൈനേഴ്സ് വന്നപ്പോഴും വളരെ നല്ല നിലയിൽ നമ്മൾ മുന്നേറി .സ്‌കൗട്ട് ,ജെ ർ സി ,എന്നിവയെക്കാൾ kite മുന്നേറികൊണ്ടിരിക്കുകയാണ് .

വിദ്യാഭ്യാസ പരമായി പിന്നോക്കം നിന്നിരുന്ന ഈസാമൂഹത്തിന് നമ്മുടെ സ്‌കൂളിൽ നിന്ന് വിദ്യയുയോടെ വെളിച്ചം നൽകാൻ സാധിച്ചു എന്നതിൽ തങ്ങളുടെ അഭിപ്രായം എന്താണ് ?

സുധ ടീച്ചർ : സ്കൂൾ മേഖലയിൽ സാധാരണക്കാരായിരുന്നവരായിരുന്നു പ്രവർത്തിച്ചിരുന്നത് .1979 ലായിരുന്നു സ്കൂൾ പ്രവർത്തനമാരംഭിച്ചത് .ധാരാളം പ്രവർത്തനങ്ങൾക്ക് ഗുണം ചെയ്യുന്ന രൂപത്തിലാണ് ഇത്

പ്രവർത്തിച്ചിരുന്നത് .അരിമ്പ്ര മാസ്റ്റർ ആയിരുന്നു ആദ്യ ഹെഡ്മാസ്റ്റർ അദ്ദേഹം ജില്ലാ പഞ്ചായത്ത് കൂടിയായിരുന്നു .

ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നേട്ടങ്ങളിൽ നാടിൻറെ പങ്കെന്ത് ?

സുധ ടീച്ചർ : ഇവിടെ പഠിച്ച കുട്ടികളിൽ വളരെ ഉയർന്ന നിലയിലെത്തിയരെല്ലാമുണ്ട് .അവർക്ക് സ്കൂളിന്റെ നേട്ടത്തിൽ വളരെ പങ്കുണ്ട് .സ്കൂളിൽ ഒരു സൗകര്യവും ഇല്ലാതിരുന്നപ്പോൾ വർ തന്നെ യാൻ മുന്നോട്ട് വന്നത് .

ഈ വർഷത്തെ ഹെഡ്മിസ്ട്രസ് പദവി അലങ്കരിക്കാൻ തന്നെയാണ് തെരെഞ്ഞെടുത്തത് എന്നറിഞ്ഞപ്പോൾ ഉള്ളിലുണ്ടായ മനോഭാവം എന്തായിരുന്നു ?

സുധ ടീച്ചർ :എനിക്ക് പേടിയാണ് തോന്നിയത് .കുട്ടികളുമായി അകൽച്ച ഉണ്ടാകുമോ എന്നതായിരുന്നു പേടി .കുട്ടികളുടെ ഇടയിൽ നിന്ന് പഠിപ്പിക്കാനാണ് എനിക്കിഷ്ടം .കുട്ടികളോട് കൂടുതൽ ചെലവഴിച്ചിരുന്നു കാലം വളരെ മനോഹര മായിരുന്നു .

വിദ്യാഭ്യാസ പരമായും സാംസ്കാരിക പരമായും വിദ്യാലയം നേരിടുന്ന പ്രശ്നങ്ങളെന്തെല്ലാം ?

സുധ ടീച്ചർ :സാധാരണക്കാരായ കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂൾ ആണ്എന്നത് സാമ്പത്തിക പരമായി ബുദ്ധിമുട്ടാണ് .എന്നാൽ മാറ്റ്

പ്രവർത്തനങ്ങൾ കൊണ്ട് നമുക്ക് മാറ്റമുണ്ടായിട്ടുണ്ട് .പല നിർധന രോഗികൾക്കും നമ്മൾ ചികിത്സസഹായം നൽകി .കുട്ടികളെല്ലാം ഇതിൽ പങ്കാളികളാണ് എന്നതിൽ വളരെ സന്തോഷമുണ്ട് .
സ്കൂളിന്റെ മുന്നേറ്റങ്ങൾ വേണ്ടിയുള്ള ഭാവി ആസൂത്രണങ്ങളെന്തെല്ലാം ?

സുധ ടീച്ചർ :ധാരാളം കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട് .നമ്മുടെ മുൻ ഹെഡ്മിസ്ട്രസ് തുടഗിയതെല്ലാം നമ്മൾ ഇനിയും തുടരും .ഈ വൈകുന്നേരവും രാവിലെയുമൊക്കെയുള്ള വിജയഭേരി ക്ളാസ്സുകൾ നമ്മുടെ മുൻ ഹെഡ്മിസ്ട്രസ് തുടങ്ങിയതാണ് .അത് പിന്നെ കേരളത്തിൽ തന്നെ വ്യാപിച്ചു .അത് നമ്മൾ ഇനിയും തുടരും .ഇപ്പോൾ കുട്ടികളുടെ പക്വതക്കനുസ്സരിച്ചാണ് ക്ലാസുകൾ തരം തിരിച്ചിരിക്കുന്നത് ഇതിൽ നമ്മൾ കൂടുതൽ മുന്നേറ്റം നേടുന്നു .

സ്കൂളിന്റെ മുന്നേറ്റങ്ങൾക്ക് വേണ്ടി ടീച്ചർക്ക് കുട്ടികളോട് പറയാനുള്ള സന്ദേശമെന്താണ് ?

സുധ ടീച്ചർ :എല്ലാ പ്രവർത്തനങ്ങളിലും സ്കൂളിന്റെ അക്കാദമി -നോൺ അക്കാദമി എന്നിവിടങ്ങളിൽ നല്ല പങ്കാളിത്തം ഉണ്ടാവുക എന്നതാണ് എനിക്ക് നൽകാനുള്ളത്

നിങ്ങളുടെ വിലപ്പെട്ട സമയത്തെ ഞങ്ങൾക്ക് വേണ്ടി മാറ്റിവെച്ചതിന് നന്ദി .

thank you

little kite members

# ഉൾച്ചേർക്കൽ വിദ്യാഭ്യാസം നാടിന്റെ നന്മക്ക്



ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും നിയമ പരമായ ഒരാവകാശമാണ് .

എല്ലാം വിദ്യലയങ്ങളിലും വിദ്യഭ്യാസ സംവിധാനത്തിൽ ആകെ തന്നെയും എല്ലാവരേയും ഉൾക്കൊള്ളുന്ന , ആരെയും പുറംതള്ളാതെ നയമാണ് സ്വീകരിക്കുന്നത് . എല്ലാ വിധ വൈവിധങ്ങളും അംഗീകരിക്കുന്നതിനും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതുമായ ക്ലാസ്സ്റൂം അന്തരീക്ഷമാണ് സ്ക്കൂളുകളിലുണ്ടാകേണ്ടത് . രണ്ട് വിഭാഗക്കാർക്ക് പിൻതുണ ഉറപ്പാക്കണം , ഒന്ന് -ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരും പഠനപ്രയാസം നേരിടുന്നവരുമായ കുട്ടികളുടെ വിദ്യാഭ്യാസം ,സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ട കുട്ടികൾ . ഈ രണ്ട് വിഭാഗങ്ങളെയും പരിഗണിച്ചു കൊണ്ടുള്ള പാഠ്യപദ്ധതിയാണ് വേണ്ടത് . ഈ രണ്ട്മേഖലയും കൂടാതെ സവിശേഷ ശ്രദ്ധയും , പരിഗണനയും വേണ്ടതാണ് പ്രത്യക അഭിരുചിയും കഴിവുമുള്ള കുട്ടികൾ [Gifted children ] ഇവയെല്ലാം ഉൾകൊള്ളുന്ന വിദ്യാലയന്തരീക്ഷമാണ് ഇപ്പോൾ രൂപപ്പെട്ടു വരുന്നത്

N C E R T യുടെ സമീപകാല ഗവേഷണ ഫലങ്ങളെല്ലാം ഈ സാധ്യതകളാണ് പരമാവധി ഉൾക്കൊള്ളുന്ന RTE act , PWD act NTA act . വന്നിവയുടെ വെളിച്ചത്തിൽ മൂന്ന് പഠന സൂചകങ്ങൾ NCERT നിർദേശിക്കുന്ന (1 ) ആസൂത്രണം .(2 )ബോധന രീതികൾ ( 3 ) മൂല്യനിർണ്ണയം എന്നിവ നാഷണൽ കരിക്കുലം ഫ്രെയിം

വർക്ക് (NFC )2005 ൽ ഇത് കൃത്യമായി വിവരിക്കുകയും ചെയ്തിട്ടുണ്ട് ഒരു ഉൾച്ചേർക്കൽ വിദ്യാഭ്യാസത്തിൽഅർത്ഥവാഹത്തായ പഠന നാനുപാവങ്ങൾ ഓരോ കുട്ടിക്കും ലഭിക്കണം അത് പഠിതാവിനെയും പഠനരീതിയെയും അനിയോജ്യമായ രീതിയിൽ കോർത്തിണക്കി കൊണ്ടാവണം (NCF 2005 )

കുട്ടിയുടെ ഏതൊരു പരിമിതിയും ഉൾക്കൊള്ളുന്നതാവണം വിദ്യാലയ അന്തരീക്ഷം . ശാരീരിക പരിമിതിയുള്ളവർക്ക് ക്ലാസ്സ്‌റൂം , ഓഫീസ് ,ലാബ് , ലൈബ്രറി എന്നിവടങ്ങളില്ലേക്ക് വീൽ ചെയർ എത്താൻ കഴിയണം . കാഴ്ച , കേൾവി പരിമിതി ഉള്ളവർക്ക് അനുയോജ്യമായ ബെൽ സംവിധാനം സൈൻ ബോർഡ് ,ടൂക്കിങ calculator ,sing ബോർഡ് sing language indication എന്നിവ ഉപയോഗപ്പെടുത്തണം ഇതിനേക്കാളേറെ പ്രധനമാണ് ഓരോ വിദ്യാർത്ഥിയുടെയും അധ്യാപകരുടെയും മനോഭാവത്തിലുള്ള മാറ്റം .റിസോഴ്സ് അദ്ധ്യാപികക്ക് ഈ കാര്യത്തിൽ ഇടപെട്ട് ബോധവൽക്കരണവും കൂട്ടായ പ്രവർത്തനവും സാധ്യമാക്കാം .സഹപാഠികളിൽ നിന്ന് തന്നെ സപ്പോർട്ടീവ് ടീമിനെ ഉണ്ടാക്കി എടുത്ത് അവർക്ക് യോജിച്ച പരിശീലനവും അവബോധവും നൽകാം .

ക്ലാസ്സ്‌റൂം അഡാപ്റ്റേഷൻ നടത്തുന്നതിലൂടെ അക്കാദമിക മികവ് ഉറപ്പ് വരുത്തണം. നിശ്ചിത പാഠഭാഗങ്ങൾ കുട്ടിയുടെ പരിമിതിയും താല്പര്യവും കഴിവും എല്ലാം പരിഗണിച്ച ചിട്ടപ്പെടുത്തി അതത് അദ്ധ്യാപകർക്ക് srg യിൽ നിര്ദേശങ്ങൾ നൽകുകയും ക്ലാസ് റൂം പ്രവർത്തനത്തിൽ പങ്കാളിയായി സജീവമായ ഇടപെടൽ നടത്തുകയും വേണം .ഇതിനെല്ലാം പുറമെ റിസോഴ്സ് അദ്ധ്യാപിക CWSN കുട്ടിക്ക് IEP തയ്യാറാക്കി നിശ്ചിത ശേഷിവികസനം ഉറപ്പ്വരുത്തണം .ഇത്തരത്തിൽ കൂട്ടായ പ്രവർത്തനത്തിലൂടെ ഓരോ ഭിന്ന ശേഷിക്കാരനെയും വിദ്യാഭ്യാസത്തിലും അതുവഴി സമൂഹത്തിലും പുനരധിവസിപ്പിക്കാൻ നമുക്ക് സാധിക്കണം .

ഇത്തരത്തിൽ വിവിധ തെറാപ്പി സംവിധാനങ്ങളും അധിക സൗകര്യങ്ങളും കോർത്തിണക്കിയ വിദ്യാലയാന്തരീക്ഷത്തിൽ ഗുണമേന്മ വിദ്യാഭ്യാസവും ഉറപ്പ് വരുത്തുമ്പോൾ നമ്മുടെ പരിമിതി ഉള്ള വിദ്യാത്ഥികളിലൂടെ പരിധിയില്ലാത്ത മാനുഷിക മൂല്യത്തിലേക്ക്നമ്മുടെ

സമൂഹം വികസിപ്പിക്കപ്പെടുന്നു.തന്റെ പഠനാനുഭവത്തിൽ പങ്കു വക്കുകയും പിന്തുണയും നൽകിക്കൊണ്ട് ഓരോ പഠിതാവും സാധ്യമായത്ര ഉയരത്തിലേക്ക് മുന്നേറുന്നു.സ്പീച് തെറാപ്പിയും പിസിയോ തെറാപ്പിയും ഓക്സുപാഷ തെറാപ്പിയും എല്ലാം ക്ലാസ് മുറിക്കകത് നിന്ന് കൂട്ടുകാരിൽ നിന്ന് പോലും സ്വീകരിക്കാൻ തക്കവണ്ണം നമ്മുടെ പൊതുവിദ്യാലയങ്ങൾ വളരുന്നു.ഓരോ ഭിന്ന ശേഷിക്കാരനിലൂടെയും ഒരു നവകേരളം പുനർരഞ്ജിക്കപ്പെടുന്നു.

SAFIYYA calicut

# VISIBLE GODS



Good morning everybody,
Today I would like to tell you something about the topic parents. Yes,when I present the topic in front of you,it will make you think what a simple topic I selected. But friends,think again. Is it a simple topic? No,a big no. Parents are not a silly topic,but the cause of every topic in our life. I know it is not the lesson to teach you now. All of you have to love towards your parents that I am sure. But tomorrow,is the question I dont know what will happen tomorrow when you come elder. I am very sad to say that there is mushroom growth of old age home in our Gods own country. Do you ever think about it? If not think about it seriously with my talk. The realization make me wonder because I dont know what happened the society to give up their parents. When I thought about this I could understand that is ,because of the status,the modern society prevails. Aged parents are the obstacles for their status.

Friends,through this talk I would

like to tell you to love your parents. We have to repay their love. Dont ever think them as barriers. They are who made us. They are who loved us. They are who carried us. And most of they are who made our identity. So dont forget to love them,care them and protect them. They are our world.

***THE VISIBLE GODS.***

Thank you.

Have a nice day.

# വിദ്യാഭ്യാസപര്യന്തം മൗനം കുറ്റകരമാണ്



ഒരു രാജ്യത്തിൻറെ പ്രധാന സമ്പത് രാജ്യത്തെ പൗരന്മാരാണ്.തകർന്ന് തരിപ്പണമായ രാജ്യങ്ങൾ ഇന്നും പൂർവാധികം ശക്തിയോടെ തല ഉയർത്തി നില്ക്കുന്നത് അവിടത്തെ പൗരന്മാരുടെ ഭൗതിക വളർച്ചകൊണ്ട് മാത്രം എന്ന വ്യക്തം!.ഒന്നും കൂടി അടിവര ഇട്ടാൽ ഒരു രാജ്യത്തിൻറെ പ്രധാന സമ്പത് രാജ്യത്തെ യുവാക്കളാണ്.അലിറങ്ങിലവരെ കേന്ദ്രീകരിച്ചാണ്.ലോകത്തെ ഏറ്റവും കൂടുതൽ യുവാക്കൾ അതികരിക്കുന്ന രാജ്യങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന രാജ്യമാണ് നമ്മുടെ മഹത്തയ ഇന്ത്യ.

യുവാക്കളുടെ വർദ്ധനവ് ആ രാജ്യത്തിൻറെ വിവിധ മേഖലകളിൽ അനിയന്ത്രിതമായ വികസനത്തിനും മറ്റു മുന്നേറ്റങ്ങൾക്കും ചുരുക്കാൻ പിടിക്കുമെന്നതിൽ ആർക്കും ഭിന്ന അഭിപ്രായമില്ല.രാജ്യത്തിൻറെ അന്യനമായ വികസന സങ്കല്പങ്ങൾക്ക്,കാഴ്ചപ്പാടുകൾക്ക് ബൗദ്ധികമായ വേരോട്ടമാണ് യൂവാക്കളിലൂടെ സദ്യദമാക്കുന്നുടെന്ന ചുരുക്കം.യുവാക്കളുടെ പ്രതികരണവും പ്രവർത്തനങ്ങളും ആ രാജ്യത്തിൻറെ വിദ്യാദ്യാസ മേഖലായുമായി ബന്ധപ്പെട്ടതാണ്.കാരണം ഒരു രാജ്യത്തിൻറെ വിദ്യാദ്യാസ കാഴ്ചപ്പാടെ ആ രാജ്യത്തിൻറെ വളർച്ചയോയുടെ മാനിഫെസ്റ്റോയാണ്.വിദ്യാദ്യാസത്തിന്റെ നാട്ടാപ്പകളിലുള്ള ചെറു കണികകൾ വരെ സമൂഹത്തിൽ പ്രത്യക്ഷമായാലും പരോഗശമയോലും ബാധിക്കുന്നത് നമുക്ക് കാണാവുന്നതാണ്.

വറ്റി വരണ്ടുണങ്ങിയ നെൽ വയലിലേക്കുള്ള ചെറു മഴ

എപ്രകാരം ആശ്വാസമാണോ അതിനും മുകളിലാണ് മനുഷ്യന് വിദ്യാഭ്യാസം.മനുഷ്യന്റെ ആത്മാവിന്റെ ഭക്ഷണമാണ് അറിവ്.

ഒരു രാജ്യംപരിഗതിയിൽ ആൺ എന്ന നാം വിലയിരുത്തുമ്പോൾ ആ രാജ്യം വിദ്യാഭ്യാസ രംഗത്തും വളരെ മുന്ഭാണ്ടയിൽ ആണെന്ന് നമുക്ക് മനസിലാക്കാം.

## വിദ്യാഭ്യാസം:

വിദ്യാർഥികൾ അന്ധമായ അനുകരണത്തിന് ആദിമകാളാകുന്ന ഒരു അവസ്ഥ വിശേഷം ആൺ ഇപ്പോൾ കണ്ട് കൊണ്ടിരിക്കുന്നത്.'മാതാ പിതാ ഗുരു ദൈവം' ബാലപാഠങ്ങൾ പഠിപ്പിക്കുന്ന മാതാപിതാക്കൾക്കും പിന്നീട് ഗുരുവിനും ശേഷം ആൺ ദൈവത്തിന്യബാണ സ്ഥാനം നൽകിയത്.കാരണം യഥാർത്ത ദൈവത്തിലേക്കുള്ള പാതകൾ ആയിരുന്നു രക്ഷകര്തതാക്കളും ആദ്യഭകരും. ചരിത്രത്തിൽ ആദ്യഭകരും പേര് വിരൽ അറുത്തെടുത്ത് ഗുരു വന്ദനം നൽകിയ വിദ്യാര്ഥിയും ആദ്യബകന്റെ ഇരിപ്പിടം അഗ്നിക്കിരയാക്കിയ വിദ്യാര്തഥിയും കഴിഞ്ഞു പോയി.രണ്ട ചെയ്തികളും ആദ്യബകന്റെ സൊബാവുമായി ബന്ധപ്പ്രടേതായിരുന്നു.ആദ്യബകൻ വിദ്യാര്തഥികൾക്ക് അനുധാവനം ചെയ്യാൻ പറ്റുന്നവനാകണം.

'തന്റെ മുന്നിൽ ഇരിക്കുന്ന കുട്ടി സ്വന്തം കുട്ടിയല്ല അന്ന്അപ്പോൾ തോന്നുവോ അപ്പോൾ അവൻ ആദ്യബനം നിർത്തട്ടെ' എന്ന സ്വമിജിയോയുടെ വാക്കുകൾ ആദ്യബനധര്മത്തിന്റെ ആഴവും വ്യാപത്തിയെയും വരച്ചു കാട്ടുന്നു.

## വിദ്യാർത്ഥി:

'അധർമ്മം അരങ്ങു വായുമ്പോൾ നീ ശബ്ദനാക്കുന്നവൻ ഭ്രഗനായ പിശാചാകുന്നു'

വിദ്യാർത്തിത്തം പൂര്ണാര്പ്പണ ബോധത്തിന്റെയോയും സമർപ്പണത്തിന്റെയോയും പ്രതീകം ആവണം.നാലാം കിട രാഷ്ട്രീയക്കാരന്റെ കുതന്ത്രങ്ങൾക്ക് തലവെച്ചു കൊടുക്കുന്നവനാകരുത്.കുളം കലക്കി മീൻ പിടിക്കുന്നവരും ധാരാളം.അറിവിന്റെ ഉറവിടങ്ങൾ വെറുപ്പിന്റെയോയും വിധ്വേഷത്തിന്റെയും വിളനിലമാക്കി,വംശം ഏരിയോയും മതമേകിയ

